കോഴിക്കോട് ജില്ലയിൽ കമ്പിന്റെ അകായിൽ സത്യൻ തച്ചംപൊയിൽ പി.ഒ. എന്നയാൾക്ക് ധനസഹായം

350 (1039) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോഴിക്കോട് ജില്ലയിൽ, കമ്പിന്റെ അകായിൽ സത്യൻ, തച്ചംപൊയിൽ.പി.ഒ. എന്നയാൾക്ക് എന്തെങ്കിലും ധനസഹായം അനുവദിച്ചിട്ടുണ്ടോ; നമ്പർ 6087/ 2014/ MT/VIP/M (Sc,BC& T) Dt 21-8-2014.അനുസരിച്ച് എത്ര ഉകയാണ് അനുവദിക്കപ്പെട്ടത്; ഇതിൽ എത്ര ഉക ബന്ധപ്പെട്ട കക്ഷിക്ക് കൈമാറിയിട്ടുണ്ട്.?

ഉത്തരം

കോഴിക്കോട് ജില്ലയിൽ കമ്പിൻ അകായിൽ തച്ചംപൊയിൽ പി.ഒ.യിൽ താമസിക്കുന്ന ശ്രീ. സത്യന്റെ ചികിത്സയ്ക്കായി ടിയാന്റെ പിതാവ് ശ്രീ. കടുങ്ങൻ നൽകിയ അപേക്ഷ പ്രകാരം വകുപ്പുമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും 18-9-2014-ലെ സ.ഉ.(സാ) 1547/14/പജപവവിവ പ്രകാരം 50,000 രൂപ അനുവദിച്ച് ഉത്തരവായിട്ടുണ്ട്. ഈ ഉക ശ്രീ. കടുങ്ങന് 2-3-2015-ൽ വിതരണം ചെയ്തിട്ടുണ്ട്.

കടുത്തുരുത്തി നിയോജകമണ്ഡലത്തിലെ ഐ.റ്റി.സി.-ക്ക് വേണ്ടിയുള്ള കെട്ടിട നിർമ്മാണം

351 (1040) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടുത്തുരുത്തി നിയോജകമണ്ഡലത്തിലെ മധുരവേലിയിൽ, പട്ടികജാതി പട്ടികവർഗ്ഗവികസന വകുപ്പിന് കീഴിലുള്ള ഐ.റ്റി.സി.-ക്ക് കെട്ടിട നിർമ്മാണത്തിനുള്ള ഡി.പി.ആർ. അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ടോ ; ഇത് അനുക്കുന്നതിലുള്ള കാലതാമസത്തിന്റെ കാരണം വ്യക്തമാക്കാമോ ; ഇതു സംബന്ധിച്ച് ഭരണപരവും സാങ്കേതികവുമായ തടസ്സങ്ങൾ ഉണ്ടോ ; എങ്കിൽ അതു പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ ;

(ബി) പ്രസ്തുത ഡി.പി.ആർ.-ന് അനുമതി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly